ക്കു് കൃഷിവായ്പകൾ കൊടുക്കുന്നതായാൽ ഇപ്പോഴത്തേക്കാൾ കൃഷിക്കു് വളരെ ഗുണപ്രദമാണെന്നാണു് ഞാൻ വിചാരിക്കുന്നതു്. അങ്ങനെ ചെയ്താൽ ഡിപ്പാർട്ടുമെണ്ടിനു് ഇത്ര വലിയ ഒരു സംഖ്യ ചിലവു കൂടാതെ കുറിക്കാവുന്നതാണു്. കൃഷി എന്നു് പറഞ്ഞപ്പോൾ എനിക്കു് ഓർമ്മയായി മാമ്മവരുന്നതു് കോൾ കൃഷിയെപ്പറ്റിയാണു്. കോൾ കൃഷിയെപ്പറ്റി ബഹുമാനപ്പെട്ട ഗവർമ്മെണ്ടിനോടു് കൃഷിക്കാർ തുടച്ചയായി 12 കൊല്ലങ്ങളായി ചെയ്യുന്ന യാതൊരുപേക്ഷകളും ഗുണകരമായവിധത്തിൽ സംരക്ഷിക്കാത്തതിൽ വ്യസനിക്കയല്ലാതെ യാതൊരു നിവൃത്തിയും കാണുന്നില്ല. ഈ രാജ്യത്തു കോൾ കൃഷിയോളം അപകടവും നഷ്ടവും സംഭവിക്കുന്നതുമായ വേറൊരു കൃഷികളും ഇല്ലെന്നുള്ള സംഗതി നിർവ്വിവാദമാണു്. ഈ സംഗതികൾ എല്ലാം അറിഞ്ഞ ഗവർമ്മെണ്ടു് 96-ൽ ഏർപ്പെടുത്തിയ കോൾകമ്മിറ്റിയുടെ ശിപാർശികൾ യാതൊന്നും പ്രവൃത്തിയിൽ വരാത്തതു് രാജ്യത്തിനു് വളരെ ഹാനികരമാണെന്നു സംഗതി ഗവർമ്മെണ്ടിനെ ധരിപ്പിച്ചുകൊള്ളുന്നു.

ഫൊറസ്റ്റ് ആൻഡ് ടിംബർ.

ഈ രണ്ടു ഡിപ്പാർട്ടുമെണ്ടുകളെപ്പറ്റി ബഹുമാനപ്പെട്ട വല മെമ്പർമാരും പറഞ്ഞിട്ടുള്ള സംഗതികളോടു് ഞാൻ പൂർണ്ണമായി യോജിക്കുന്നു. വിശിഷ്യാ ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടു് കൃഷിക്കാർക്കു് സർക്കാർ കാടുകളിൽനിന്നു് കൃഷിക്കാവശ്യമായ മുളകൾ മുറിച്ചെടുപ്പാൻ വലിയ ഒരു സംഖ്യ കരാർക്കാണമായി വസൂൽചെയ്യുന്നതു് വളരെവിസനകരമാണെന്നു മാത്രമല്ല, കച്ചവടക്കാരിൽനിന്നുവാങ്ങുന്ന കരാർക്കാണത്തെക്കാൾ കൂടുതലായി കൃഷിക്കാരോടു കരാർക്കാണം വസൂൽചെയ്യുന്നതു് ഏറ്റവും പരിതാപകരവും ദോഷകരവുമാകുന്നു.

ഫൈനാൻസു് ഡിപ്പാർട്ടുമെണ്ടു്—ഭൂനികുതി.

വലിയ ഒരു സംഖ്യ ചിലവുചെയ്തു് ഇങ്ങനെ ഒരു ഡിപ്പാർട്ടുമെണ്ടു് ഏർപ്പെടുത്തിട്ടും അടുത്തു് കൂച്ചു് കൊല്ലങ്ങളായി പണാപഹരണക്കേസ്സുകൾ വർദ്ധിച്ചുകാണുന്നതു് ഒരു വിധവും സഹിക്കുവയ്യാത്ത വീഴ്ചയാണെന്നു് പറയാതെ നിവൃത്തിയില്ല. പുതിയ വകുപ്പധ്യക്ഷൻ മേലാൽ ശ്രദ്ധിക്കുമെന്നു വിചാരിച്ചു് സമാധാനിക്കുന്നു.

വിദ്യാഭ്യാസം.

ഈ ഡിപ്പാർട്ടുമെണ്ടിനെപ്പറ്റി വളരെ മെമ്പർമാർ പറഞ്ഞിട്ടുള്ളതിനോടു് ഞാൻ ബലമായി യോജിക്കുന്നു. എന്നാൽ കഴിയുന്നതും ഉപജീവനപ്രദമായ തൊഴിലുകൾ അഭ്യസിപ്പിക്കുന്നതു് വളരെ നന്നായിരിക്കുമെന്നതാണു്. വിദ്യാഭ്യാസമേലധ്യക്ഷൻ ഈ സംഗതിയിൽ പരിശ്രമിക്കുമെന്നു് വിചാരിച്ചു് ഞാൻ ഈ സംഗതിയെ കുറിച്ചു് അധികമൊന്നും പറയുന്നില്ല.

ശുചീകരണം.

ഈ ഡിപ്പാർട്ടുമെണ്ടു് നഗരങ്ങളിൽ വളരെ പരിശ്രമങ്ങൾ ചെയ്തുവരുന്നുണ്ടു്. എങ്കിലും സാധുക്കൾ വസിക്കുന്നതായ നാട്ടുപുറങ്ങളിൽ വേണ്ടതു് ചെയ്യുന്നില്ലെന്നു് പറയാതെ നിവൃത്തിയില്ല. അതിലും കൂടുതൽ ഗവർമ്മെണ്ടിന്റെ ദൃഷ്ടിയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly